സിപിഎം: ഏരിയ കമ്മിറ്റികളിൽ രൂക്ഷ വിമർശനം

ടേം വ്യവസ്ഥയിൽ പക്ഷപാതം; മുദ്രാവാക്യങ്ങളിൽ ധാർഷ്ട്യം

കൊട്ടാരക്കര

കൊട്ടാരക്കര● ടേം വ്യവസ്ഥയുടെ പേരിൽ പ്രകാശ് കാരാട്ട് അടക്കമുള്ള നേതാക്കളെ പദവികളിൽ നിന്ന് ഒഴിവാക്കിയ സിപിഎം നേതൃത്വം ഇളവുകൾ നൽകി പിണറായി വിജയനു മുന്നിൽ മുട്ടുമടക്കിയെന്നു നിയമസഭ തിരഞ്ഞെടുപ്പ് അവലോകനവുമായി ബന്ധപ്പെട്ടു നടത്തിയ കൊട്ടാരക്കര സിപിഎം ഏരിയ കമ്മിറ്റിയിൽ പ്രതിനിധികളുടെ ആരോപണം. കമ്മിറ്റിയിൽ പങ്കെടുത്ത ഭൂരിഭാഗം പ്രതിനിധികളും സംസ്ഥാന, ജില്ലാ നേതൃത്വങ്ങൾക്ക് എതിരെ ആഞ്ഞടിച്ചു. പിണറായി വിജയനെ പ്രതിപക്ഷ നേതാവാക്കിയതു തെറ്റായ നടപടിയാണ്. എം.വി.ഗോവിന്ദനെ പാർട്ടി സെക്രട്ടറി സ്ഥാനത്തു തുടരാൻ അനുവദിക്കരുത്.

മുൻ എൽഡിഎഫ് സർക്കാരുകളുടെ നിയന്ത്രണം പാർട്ടി നേതൃത്വത്തിനായിരുന്നു. പക്ഷേ പിണറായി വിജയൻ പറയുന്നതു സർക്കാരും പാർട്ടിയും അനുസരിക്കുന്ന അവസ്ഥയിലേക്കു ഭരണം മാറി. തിരഞ്ഞെടുപ്പ് മുദ്രാവാക്യങ്ങൾ ധാർഷ്ട്യം നിറഞ്ഞതായി. പാർട്ടി പ്ലീനം വിളിച്ചു ചേർത്തു സംസ്ഥാന–ജില്ലാ നേതൃത്വങ്ങളിൽ ശുദ്ധീകരണം ഉടൻ ആരംഭിക്കണം. ജി.സുധാകരനും ടി.കെ.ഗോവിന്ദനും യഥാർഥ കമ്യൂണിസ്റ്റുകാരായിരുന്നു. ഇവർ പാർട്ടിക്കു പുറത്തേക്കു പോകാൻ സാഹചര്യം വരുത്തരുതായിരുന്നു.

പണപ്പിരിവും വസ്തുക്കച്ചവടവും മാത്രമായി നേതാക്കളുടെ ജോലി. താഴെത്തട്ടിൽ പ്രവർത്തനം നിലച്ചു. ബ്രാഞ്ച് കമ്മിറ്റികൾ വിളിച്ചാൽ നാലോ അഞ്ചോ പേർ മാത്രം എത്തുന്ന സ്ഥിതിയായി.എൽഡിഎഫ് എന്നാൽ സിപിഎം മാത്രമായി നേതൃത്വം കണ്ടു. ഘടകകക്ഷികൾക്ക് യുഡിഎഫിലെ പോലെ പ്രാധാന്യം നൽകുന്നില്ല. സിപിഎമ്മിലേക്കു പുതിയ തലമുറ എത്തുന്നില്ല. എത്തിയവരും പഴയ തലമുറയുടെ മാതൃകയിൽ പ്രവർത്തിക്കുന്നു. ബ്രാഞ്ച് തലം മുതൽ സംസ്ഥാനതലം വരെ അടിമുടി മാറ്റണം. സംസ്ഥാന സമിതി അംഗം ടി.എൻ.സീമയുടെ സാന്നിധ്യത്തിലായിരുന്നു യോഗം. മുൻ ഏരിയ കമ്മിറ്റി അംഗം എസ്.ആർ.രമേശ് അധ്യക്ഷത വഹിച്ചു.ജില്ലാ നേതാക്കളായ ജോർജ് മാത്യു,പി.എ.എബ്രഹാം എന്നിവർ സംബന്ധിച്ചു.

സ്തുതിപ്പാട്ടുകൾ ആസ്വദിച്ചു; 'ഭരണസംവിധാനം' പാർട്ടിയായി

കരുനാഗപ്പള്ളി

ഓച്ചിറ● വിഎസിന്റെ ചിത്രം തിരഞ്ഞെടുപ്പ് പ്രചാരണത്തിനു ഉപയോഗിച്ചതിനെ വിമർശിച്ച പിണറായി വിജയൻ തന്റെ വീരഗാഥകൾ ഉൾപ്പെടുത്തിയ സ്തുതിപ്പാട്ടുകളുടെ തിരുവാതിരയും തന്റെ ചിത്രങ്ങളുടെ പരസ്യബോർഡുകളും ആസ്വദിക്കുന്ന മാനസികാവസ്ഥയിലെത്തിയെന്നു കരുനാഗപ്പള്ളി ഏരിയ കമ്മിറ്റിയിൽ വിമർശനം. സിപിഎം മന്ത്രിമാരെയും ഏരിയ കമ്മിറ്റി അംഗങ്ങൾ വിമർശിച്ചു.

കൊല്ലത്തു നടന്ന സംസ്ഥാന സമ്മേളനം മുഖ്യമന്ത്രിയും മന്ത്രിമാരും ഹൈജാക്ക് ചെയ്തെന്നും ആരോപണമുയർന്നു.

ജില്ലയിൽ ഒരു നേതാവു മാത്രമായിരുന്നു മുഖ്യമന്ത്രിയുടെ വിശ്വസ്തനെന്നും ബാക്കിയുള്ള നേതാക്കളെ രണ്ടാം തരക്കാരായി കണ്ടെന്നും ആരോപണമുയർന്നു. രണ്ടാം എൽഡിഎഫ് സർക്കാരിന്റെ മന്ത്രി ഓഫിസുകളിൽ പോകുന്ന പ്രവർത്തകർ പാർട്ടി അംഗത്വം ഉപേക്ഷിക്കുന്ന തലത്തിലാണ് അവരെ സ്വീകരിച്ചിരുന്നതെന്നാണു മറ്റൊരു വിമർശനം.

രണ്ടാം എൽഡിഎഫ് സർക്കാർ വന്നപ്പോൾ സിപിഎം സംസ്ഥാന കമ്മിറ്റിയുടെ പ്രവർത്തനം നിലച്ചു മുഖ്യമന്ത്രിയും മന്ത്രിസഭയും പാർട്ടി സംവിധാനമായി മാറി.

ഇപ്പോൾ പ്രവർത്തർക്ക് അനുവദിച്ച സ്വതന്ത്ര വിമർശന അവകാശം കഴിഞ്ഞ പാർട്ടി സമ്മേളനത്തിൽ ലഭിച്ചിരുന്നെങ്കിൽ തദ്ദേശ തിരഞ്ഞെടുപ്പ് ഉൾപ്പെടെ എൽഡിഎഫ് വിജയം നേടി പാർട്ടി കേരളത്തിൽ ശക്തിപ്രാപിക്കുമായിരുന്നു.

കരുനാഗപ്പള്ളിയിൽ പാർട്ടിയിൽ വിഭാഗീയത തടയുന്നതിൽ നേതൃത്വം പരാജയപ്പെട്ടു. ഏരിയ കമ്മിറ്റിയെ സംഘടനാ നടപടിയുടെ ഭാഗമായി പിരിച്ചുവിട്ട് അഡ്ഹോക് കമ്മിറ്റി രൂപീകരിച്ചതു സ്ഥിതി കൂടുതൽ വഷളാക്കി. ക്ലാപ്പന, കുലശേഖരപുരം, ആലപ്പാട്, തൊടിയൂർ പ്രദേശങ്ങളിലെ വിഭാഗീയത അവസാനിപ്പിക്കുന്നതിൽ നേതൃത്വം പരാജയപ്പെട്ടു.

കരുനാഗപ്പള്ളിയിലും ക്ലാപ്പനയിലും ഭൂമാഫിയയും ക്വട്ടേഷൻ സംഘങ്ങളും പാർട്ടിയെ നിയന്ത്രിക്കുന്ന തരത്തിൽ എത്തി.

ഇതിനു സംസ്ഥാന, ജില്ലാ നേതൃത്വങ്ങളിലെ ചിലരുടെ സഹായം ലഭിക്കുന്നുണ്ടെന്നും ആരോപണം ഉയർന്നു. ജില്ലയിലെ 11 മണ്ഡലങ്ങളിൽ മിക്കയിടത്തും യുഡിഎഫ് 2021നെക്കാൾ വലിയ ഭൂരിപക്ഷം നേടിയപ്പോഴും കരുനാഗപ്പള്ളിയിൽ യുഡിഎഫിന്റെ ഭൂരിപക്ഷം കുറയ്ക്കാൻ സാധിച്ചതു പാർട്ടിയുടെ അടിത്തറ ശക്തമായതിന്റെ തെളിവാണെന്നും അംഗങ്ങൾ പറഞ്ഞു. സംസ്ഥാന കമ്മിറ്റി അംഗം ആനാവൂർ നാഗപ്പൻ, ജില്ലാ നേതാക്കളായ എം.ശങ്കര പിള്ള, ജി.മനോഹരൻ, വി.കെ.അനിരുദ്ധൻ എന്നിവർ പങ്കെടുത്തു.



തെങ്കാശി കുറ്റാലം അഞ്ചരുവി വെള്ളച്ചാട്ടത്തിനു സമീപത്തെ മലയടിവാരത്തിൽ വനപ്രദേശത്ത് കൂട്ടം തെറ്റിയെത്തിയ കുട്ടിയാന. വനാതിർത്തിയിൽ ആനക്കുട്ടിയെ വേർപിരിഞ്ഞ കാട്ടാനക്കൂട്ടം നിലയുറപ്പിച്ചതായി വിവരം ലഭിച്ചതിനെ തുടർന്ന് വനപാലകർ ജാഗ്രതാ മുന്നറിയിപ്പ് നൽകി. ആനക്കുട്ടിയെ മൃഗഡോക്ടർമാരുടെ സംഘം ശുശ്രൂഷ നൽകി നിരീക്ഷിക്കുകയാണ്. കൂട്ടം തെറ്റിയ കാട്ടാനക്കൂട്ടത്തിലേക്ക് തിരികെ എത്തിക്കാനാണു ശ്രമം.

പാലരുവിയിൽ തിങ്കൾ മുതൽ പ്രവേശനം

ആര്യങ്കാവ്● വനം റേഞ്ചിലെ പാലരുവി വെള്ളച്ചാട്ടത്തിൽ തിങ്കൾ മുതൽ പ്രവേശനം. വേനലിൽ വറ്റിയ വെള്ളച്ചാട്ടം ജലസമൃദ്ധമായതോടെയാണു കുളിക്കാൻ സഞ്ചാരികൾക്കു പ്രവേശനം അനുവദിക്കുന്നത്. നീരൊഴുക്കു കുറഞ്ഞതിനാൽ ഫെബ്രുവരി 16ന് ആയിരുന്നു പ്രവേശനം നിർത്തിയത്. ജലലഭ്യത ലഭിക്കാത്തതിനാൽ അച്ചൻകോവിൽ മണലാർ കുംഭാവുരുട്ടി വെള്ളച്ചാട്ടത്തിൽ പ്രവേശനം ഇല്ല. ജൂൺ മധ്യത്തോടെ സഞ്ചാരികൾക്കു പ്രവേശനം നൽകാൻ കഴിയുമെന്നാണു പ്രതീക്ഷ. തമിഴ്നാട്ടിലെ കുറ്റാലം വെള്ളച്ചാട്ടത്തിലും സഞ്ചാരികൾക്കു പ്രവേശനമില്ല. കുറ്റാലം പ്രധാന വെള്ളച്ചാട്ടത്തിൽ കാലപ്പഴക്കം ചെന്ന നിർമിതികൾ പൊളിച്ചു പുതിയവയുടെ നിർമാണം പുരോഗമിക്കുന്നതിനാലാണു പ്രവേശന വിലക്ക്. ജൂൺ അവസാനത്തോടെ നിർമാണം പൂർത്തിയാകുന്ന മുറയ്ക്ക് സഞ്ചാരികൾക്കു പ്രവേശനം അനുവദിക്കാനാണു നീക്കം.

ഉമ്മൻ ചാണ്ടിയെ സോളർ കേസിൽ പെടുത്തണമെന്ന് ആവശ്യപ്പെട്ടെന്ന് മൊഴി

▶▶ അതിജീവിതയോടു ഗണേഷ് കുമാർ ആവശ്യപ്പെട്ടതു കേട്ടെന്നു മൊഴി നൽകിയതു കോൺഗ്രസ് നേതാവ്

കൊട്ടാരക്കര● മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെ സോളർ പീഡന ക്കേസിൽ പ്രതി ചേർക്കണമെന്നു മുൻ മന്ത്രി കെ.ബി.ഗണേഷ്കുമാർ സോളർ കേസിലെ അതിജീവിതയോടു പറയുന്നതു നേരിട്ടു കേട്ടെന്നു കെപിസിസി അംഗം സി.ആർ.നജീബിന്റെ മൊഴി. കൊട്ടാരക്കര ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേട്ട് ഇ.ആർ.അർജുൻരാജിനു മുൻപാകെയാണു മൊഴി നൽകിയത്.

ഗണേഷ്കുമാർ ആവശ്യപ്പെട്ട പ്രകാരം 2015 മേയിൽ മുൻ പഴ്സനൽ സ്റ്റാഫ് അംഗം എസ്.ഇ.സഞ്ജയ്ഖാനുമായി പത്തനാപുരം പാർട്ടി ഓഫിസിൽ എത്തിയിരുന്നതായി നജീബ് പറഞ്ഞു.

മൊഴിയിൽ നിന്ന്: യുഡിഎഫിന്റെ തിരഞ്ഞെടുപ്പ് പ്രചാരണച്ചുമതലയുള്ള തനിക്കു ഗണേഷ്കുമാറുമായി അടുപ്പം ഉണ്ടായിരുന്നു. കുടുംബപ്രശ്നങ്ങളെ തുടർന്നു മന്ത്രിസഭയിൽ നിന്നു പുറത്തായ ഗണേഷിനെ തിരികെ മന്ത്രിയാക്കാത്തതിലെ വിരോധം ഉമ്മൻ ചാണ്ടിയോടു നിലനിൽക്കുന്ന സമയത്തായിരുന്നു കൂടിക്കാഴ്ച. ഗണേഷിന്റെ മുറിയിൽ എത്തിയപ്പോൾ സോളർ കേസിലെ അതിജീവിത അവിടെയുണ്ടായിരുന്നു. തന്നെ മന്ത്രിസഭയിൽ ഉൾപ്പെടുത്താൻ ഉമ്മൻ ചാണ്ടിയോടു സമ്മർദം ചെലുത്തണമെന്ന് ഗണേഷ്കുമാർ പറഞ്ഞു.

അതിജീവിതയോട് 'ഉമ്മൻ ചാണ്ടിയെക്കൂടി സോളർ പീഡന കേസിൽ ഉൾപ്പെടുത്തണം, അല്ലെങ്കിൽ നമ്മുടെ പദ്ധതി ശരിയാകില്ല. ബാക്കിയെല്ലാം തന്റെ (അതിജീവിത) കയ്യിലാണ്' എന്നും പറഞ്ഞു. തലയാട്ടി സമ്മതിച്ച് 'ഒകെ' എന്നു പറഞ്ഞാണ് അവർ ഇറങ്ങിപ്പോയത്'.

ഭീഷണി സംബന്ധിച്ച വിഷയം പറയാൻ ഉമ്മൻ ചാണ്ടിയെ വിളിച്ചെങ്കിലും അദ്ദേഹം ഫോൺ എടുത്തില്ല. പിഎയെ വിവരം ധരിപ്പിച്ചതായും നജീബ് മൊഴി നൽകി.

ഗണേഷ്കുമാറിനു വേണ്ടി അഡ്വ. ഷൈൻ പ്രഭ ഹാജരായി. കേസ് ഇന്നു വീണ്ടും പരിഗണിക്കും. സോളർ പീഡനക്കേസിലെ പരാതിക്കാരി അന്വേഷണ കമ്മിഷനിൽ ഹാജരാക്കിയ കത്തിൽ 4 പേജ് കൂട്ടിച്ചേർത്തതിനു പിന്നിൽ ഗൂഢാലോചന ഉണ്ടെന്ന് ആരോപിച്ച് അഡ്വ. സുധീർ ജേക്കബ് ഫയൽ ചെയ്ത ഹർജിയിലാണു വിചാരണ പുരോഗമിക്കുന്നത്. കേസിലെ ഒന്നാം പ്രതി അതിജീവിതയും രണ്ടാം പ്രതി ഗണേഷ്കുമാറുമാണ്.

ഭീഷണി: പരാതിയിൽ 2 പേരുകൾ മാത്രമെന്ന് അന്നത്തെ എസ്ഐ

സോളർ കേസിലെ പരാതിക്കാരി എറണാകുളം ടൗൺ നോർത്ത് പൊലീസ് സ്റ്റേഷനിൽ ഭീഷണി സംബന്ധിച്ചു നൽകിയ പരാതിയിൽ ഭർത്താവ് ബിജു രാധാകൃഷ്ണൻ, നടി ശാലുമേനോൻ എന്നിവരുടെ പേരുകൾ മാത്രമാണ് ഉണ്ടായിരുന്നതെന്ന് അന്നത്തെ ടൗൺ നോർത്ത് എസ്ഐയും മറ്റൊരു സാക്ഷിയുമായ കെ.എ.മുഹമ്മദ് നിസാർ മൊഴി നൽകി. ബിജു രാധാകൃഷ്ണനും ശാലു മേനോനും ഭീഷണിപ്പെടുത്തിയെന്നാണു 2013 ജൂലൈ 29നു റജിസ്റ്റർ ചെയ്ത പരാതിയിൽ പറയുന്നത്. നിലവിൽ തൃശൂർ ക്രൈംബ്രാഞ്ച് എസ്പിയാണു നിസാർ.

പാരിപ്പള്ളി മെഡിക്കൽ കോളജിലെ നേത്ര ശസ്ത്രക്രിയ പ്രതിസന്ധി

കണ്ണുള്ളവരേ, കാണൂ...

▶▶ മൈക്രോസ്കോപ്പിന് വില 1.30 കോടി, അനുവദിച്ചത് 1.15 കോടി; ബാക്കി 15 ലക്ഷത്തിനായി കാത്തിരിപ്പ്

പാരിപ്പള്ളി ● ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ നേത്രരോഗ ശസ്ത്രക്രിയയ്ക്കുള്ള ഓപ്പറേറ്റിങ് മൈക്രോസ്കോപ്പിന്റെ പ്രവർത്തനം നിലച്ചതോടെ നേരത്തെ ശസ്ത്രക്രിയ നടത്തുന്നതിനു ലഭിച്ച സമയത്ത് ആശുപത്രിയിൽ എത്തുന്നവർക്ക് 90 ദിവസം കഴിഞ്ഞുള്ള സമയമാണ് ഇപ്പോൾ നൽകുന്നത്. അടിയന്തര ശസ്ത്രക്രിയ ആവശ്യമുള്ളവർ സ്വകാര്യ ആശുപത്രികളെയും സന്നദ്ധ സംഘടനകളുടെ സൗജന്യ നേത്ര പരിശോധനാ ക്യാംപുകളെയും ആശ്രയിക്കുകയാണ്. സന്നദ്ധ സംഘടനകളുടെ നേത്ര പരിശോധനാ ക്യാംപുകളിൽ നേത്ര രോഗികളുടെ എണ്ണം കൂടുന്നുണ്ട്. മെഡിക്കൽ കോളജ് ആശുപത്രിയിൽ നേത്ര രോഗ ശസ്ത്രക്രിയ മുടങ്ങിയതോടെ പ്രതിമാസം നൂറുകണക്കിനു രോഗികളുടെ ശസ്ത്രക്രിയയാണു മുടങ്ങിയത്.

സങ്കീർണമായ ശസ്ത്രക്രിയകൾ കൃത്യതയോടെ ചെയ്യുന്നതിനുള്ള ഓപ്പറേറ്റിങ് മൈക്രോസ്കോപ് ഇല്ലാത്തതിനാൽ തിയറ്ററുകൾ അടച്ച നിലയിലാണ്. ഓപ്പറേറ്റിങ് മൈക്രോസ്കോപ് ആറു മാസം മുൻപാണ് തകരാറിലായത്. പത്ത് വർഷത്തോളം പഴക്കമുള്ള മൈക്രോസ്കോപ് അറ്റകുറ്റപ്പണി നടത്തി പുനരുപയോഗിക്കാൻ സാധിക്കാത്ത തരത്തിലാണ് തകരാർ. ഇതോടെ നേത്ര രോഗ വിഭഗത്തിലെ 2 തിയറ്ററുകളും അടച്ചു.

പുതിയ ഓപ്പറേറ്റിങ് മൈക്രോസ്കോപ്പിന്റെ വില 1.30 കോടി രൂപയാണ്. ഈ ആവശ്യവുമായി ആശുപത്രി അധികൃതർ കേരള മെഡിക്കൽ സർവീസ് കോർപറേഷൻ ലിമിറ്റഡിനെ (കെഎംഎസ്‌സിഎൽ) സമീപിച്ചപ്പോൾ അനുവദിച്ചത് 1.15 കോടി മാത്രം. മൈക്രോസ്കോപ് വാങ്ങാനായി 15ലക്ഷം രൂപയുടെ കൂടി അനുമതി ലഭിക്കുമെന്ന പ്രതീക്ഷയിലാണ് ആശുപത്രി അധികൃതർ. നേത്ര രോഗ വിഭാഗവുമായി ബന്ധപ്പെട്ടു നവജാത ശിശുക്കളുടെ ഉൾപ്പെടെ എല്ലാവിധ ആധുനിക ചികിത്സാ സംവിധാനങ്ങളും ഇവിടെ ഉണ്ട്. എന്നാൽ ഓപ്പറേറ്റിങ് മൈക്രോസ്കോപ് ഇല്ലാത്തതിനാൽ എല്ലാം മുടങ്ങിയിരിക്കുകയാണ്.

ആശുപത്രിയിലെ നേത്ര ശസ്ത്രക്രിയകൾ

- തിമിര ശസ്ത്രക്രിയ
- നവജാത ശിശുക്കളുടെ തിമിര ശസ്ത്രക്രിയ
- കണ്ണിനുള്ളിൽ എടുക്കുന്ന ഇൻജക്ഷൻ
- കോർണിയൽ ട്രാൻസ്പ്ലാന്റ് ശസ്ത്രക്രിയ
- റെറ്റിന ശസ്ത്രക്രിയ.
- കോങ്കണ്ണ് ശസ്ത്രക്രിയ

ആശുപത്രി സന്ദർശിക്കാൻ ആരോഗ്യമന്ത്രി

കൊല്ലം● പാരിപ്പള്ളി ഗവ. മെഡിക്കൽ കോളജ് ആശുപത്രിയുടെ ശോച്യാവസ്ഥ പരിശോധിക്കാൻ ആരോഗ്യമന്ത്രി കെ. മുരളീധരൻ അടുത്ത ദിവസങ്ങളിൽ എത്തും. ഈ വിഷയത്തിൽ അടിയന്തര പരിഹാരം തേടി മന്ത്രി കെ. മുരളീധരനുമായി എൻ.കെ. പ്രേമചന്ദ്രൻ എംപി നടത്തിയ കൂടിക്കാഴ്ചയിലാണ് ആശുപത്രി സന്ദർശിക്കുമെന്ന് ആരോഗ്യ മന്ത്രി അറിയിച്ചത്. ആശുപത്രിയിൽ കാർഡിയോളജി, ന്യൂറോളജി, സർജറി, മെഡിസിൻ തുടങ്ങി വിവിധ വകുപ്പുകളിൽ അനുവദിച്ച തസ്തികകളിൽ പോലും ഡോക്ടർമാരെ നിയമിച്ചിട്ടില്ലെന്ന് എൻ.കെ.പ്രേമചന്ദ്രൻ പറഞ്ഞു. നഴ്സിങ് ജീവനക്കാരുടെ കുറവാണ് ഏറ്റവും വലിയ പ്രതിസന്ധി. ദേശീയ മെഡിക്കൽ കമ്മിഷൻ നിഷ്കർഷിച്ചിട്ടുള്ളതിൽ പകുതി മാത്രം നഴ്സുമാരുടെ തസ്തികയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഗുരുതരാവസ്ഥയിൽ എത്തുന്ന രോഗികളെ മറ്റ് ആശുപത്രികളിലേക്കു വിടേണ്ട സാഹചര്യമാണ് നിലവിലുള്ളത്. ദേശീയപാതയ്ക്ക് അടുത്തുള്ള ആശുപത്രിയായിട്ടും ഗുരുതരമായി പരുക്കേറ്റ് എത്തുന്ന രോഗികൾക്ക് പലപ്പോഴും ചികിത്സ നൽകാൻ കഴിയുന്നില്ല. ന്യൂറോ സർജറി, കാർഡിയോതൊറാസിക് സർജറി തുടങ്ങിയ വകുപ്പുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇക്കാര്യങ്ങളിലൊക്കെ പുതിയ സർക്കാരിന്റെ നേതൃത്വത്തിൽ ഇടപെടൽ നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷയെന്ന് പ്രേമചന്ദ്രൻ പറഞ്ഞു.

എൻജിഒ സംഘ് ജില്ലാ സമ്മേളനം ഇന്നു മുതൽ

കൊല്ലം ● കേരള എൻജിഒ സംഘ് ജില്ലാ സമ്മേളനം ഇന്നും നാളെയുമായി കൊട്ടാരക്കര അനോറ ഹെറിറ്റേജിൽ നടക്കും. ഇന്നു നടക്കുന്ന ജില്ലാ കൗൺസിൽ യോഗം സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ആർ.പ്രദീപ് കുമാർ ഉദ്ഘാടനം ചെയ്യും. നാളെ 10ന് ആരംഭിക്കുന്ന പ്രതിനിധി സമ്മേളനം സംസ്ഥാന വൈസ് പ്രസിഡന്റ് സി.ബാബുരാജ് ഉദ്ഘാടനം ചെയ്യും. ജില്ലാ പ്രസിഡന്റ് ബി.എസ്.പ്രദീപ് അധ്യക്ഷത വഹിക്കും. തുടർന്നു, നടക്കുന്ന സാംസ്കാരിക സമ്മേളനം ബി.ബി.ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യും. ആർഎസ്എസ് വിഭാഗ് കാര്യകാരി സദസ്യൻ പി.അനിൽകുമാർ മുഖ്യപ്രഭാഷണം നിർവഹിക്കും. തുടർന്നു, നടക്കുന്ന ജില്ലാ കൗൺസിലിന്റെ തുടർച്ച വനിത വിഭാഗം സംസ്ഥാന ജോ.കൺവീനർ എൻ.വി.ശ്രീകല ഉദ്ഘാടനം ചെയ്യും. ഭാരവാഹി തിരഞ്ഞെടുപ്പിനു ശേഷം നടക്കുന്ന സമാപന സമ്മേളനം സംസ്ഥാന സെക്രട്ടറി കെ.രാധാകൃഷ്ണപിള്ള ഉദ്ഘാടനം ചെയ്യും.

കുങ്ഫു സ്പോർട്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് എം.ആർ.കെ.നവീൻ, സെക്രട്ടറി മുഹമ്മദ് ഷെരീഫ്.

ഭാരവാഹികൾ

കൊല്ലം ● കുങ്ഫു സ്പോർട്സ് അസോസിയേഷൻ ജില്ലാ ഭാരവാഹികൾ: എം.ആർ.കെ.നവീൻ (പ്രസി), സജി തോമസ് (വൈ.പ്രസി), മുഹമ്മദ് ഷെരീഫ് (സെക്ര), രതീഷ് കുമാർ (ജോ.സെക്ര), ജോസ് ചാർളി (ട്രഷ).

ഓർത്തഡോക്സ് സഭ അഭയശില സ്പെഷൽ സ്കൂൾ കൂദാശ നാളെ

പുത്തൂർ● മലങ്കര ഓർത്തഡോക്സ് സഭ പുത്തൂർ മൈലംകുളത്ത് ആരംഭിക്കുന്ന അഭയശില സ്പെഷൽ സ്കൂളിന്റെ കൂദാശ നാളെ വൈകിട്ട് 3നു പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ മുഖ്യകാർമികത്വത്തിൽ നടത്തും. പൊതുസമ്മേളനം അദ്ദേഹം ഉദ്ഘാടനം ചെയ്യും. കൊൽക്കത്ത ഭദ്രാസനാധിപനും അഭയശില ചാരിറ്റബിൾ സൊസൈറ്റിയുടെ ഡയറക്ടറുമായ അലക്സിയോസ് മാർ യൗസേബിയോസ് അധ്യക്ഷത വഹിക്കും. ഫിസിയോതെറപ്പി സെന്റർ മന്ത്രി പി.സി.വിഷ്ണുനാഥ് ഉദ്ഘാടനം ചെയ്യും. കൊടിക്കുന്നിൽ സുരേഷ് എംപി, കെ.എൻ. ബാലഗോപാൽ എംഎൽഎ, ചാണ്ടി ഉമ്മൻ എംഎൽഎ എന്നിവർ പങ്കെടുക്കും.

ഭിന്നശേഷി വിദ്യാർഥികളെ സ്വയംപര്യാപ്ത ജീവിതത്തിലേക്കു നയിക്കുന്ന പരിശീലനമാണു സ്പെഷൽ സ്കൂൾ വിഭാവനം ചെയ്യുന്നത്. 12 വയസ്സുവരെയുള്ള കുട്ടികൾക്കു പ്രവേശനം ലഭിക്കും. അധ്യയനവും പരിശീലനവും സൗജന്യമാണ്. 14 വയസ്സു വരെയുള്ള കുട്ടികൾക്കായി തെറപ്പി ക്ലാസുകളുമുണ്ട്. ആറേക്കർ ക്യാംപസിൽ പ്രകൃതിസൗഹൃദമായി നിർമിച്ചിരിക്കുന്ന അത്യാധുനിക സമുച്ചയത്തിലാണു സ്കൂൾ പ്രവർത്തിക്കുന്നത്.

പുത്തൂർ മൈലംകുളത്ത് നിർമാണം പൂർത്തിയായ അഭയശില സ്പെഷൽ സ്കൂൾ ക്യാംപസ്

വയോധികർക്കായുള്ള 'സീനിയർ ലിവിങ്' പാർപ്പിട സമുച്ചയം അടുത്ത ഘട്ടത്തിൽ പ്രവർത്തനം ആരംഭിക്കും. അഭയശില ചാരിറ്റബിൾ സൊസൈറ്റിയുടെ മേൽനോട്ടത്തിലായിരിക്കും സ്കൂളിന്റെയും മറ്റു സ്ഥാപനങ്ങളുടെയും പ്രവർത്തനമെന്നും സെക്രട്ടറി കുളങ്ങര മാത്യൂസ് കോശി, സെന്റർ മാനേജർ ഫാ.ഗീവർഗീസ് ഫിലിപ്പ്, ഡയറക്ടർ ബോർഡംഗം ഡോ.സജി വർഗീസ്, അഡ്മിനിസ്ട്രേറ്റർ ജോസ് മാത്യു എന്നിവർ അറിയിച്ചു.ആദ്യഘട്ടത്തിൽ സമീപ പഞ്ചായത്തുകളിലെ കുട്ടികളെയാണ് പരിഗണിക്കുന്നത്. ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തുന്നതോടെ മറ്റുള്ളവരെയും പരിഗണിക്കും. 100 കുട്ടികൾക്കുള്ള സൗകര്യമാണ് നിലവിലുള്ളത്.

മനോരമ കുട്ടിവര

ചിത്രരചനാ മത്സരവിജയികൾ

കൊല്ലം● സ്കൂൾ വിദ്യാർഥികൾക്കായി മലയാള മനോരമ നെടുമൺകാവ് കുടിക്കോട് ശ്രീ ഗുരുദേവ സെൻട്രൽ സ്കൂളിന്റെ സഹകരണത്തോടെ നടത്തിയ ചിത്രരചനാ മത്സരത്തിലെ വിജയികൾ

ഗ്രൂപ്പ് എ

1. ശിവന്യ അമൃത്(കടമ്പനാട്), 2. വാമി വിഷ്ണു (എഴുകോൺ), 3.നൈഹാ സെറിൻ (വടക്കേവിള). പ്രോത്സാഹന സമ്മാനങ്ങൾ: എൻ. നിർവ്വേദ് (പൂയപ്പള്ളി), ജാൻവി അനന്തു (ആയൂർ), വി. ദേവദർശ്(നെടുമൺകാവ്).

ഗ്രൂപ്പ് ബി

1. നിയാന്ത് മനോജ് (വടക്കേവിള),2. അദ്വൈത് വിനോദ് (വാളത്തുങ്കൽ), 3. ബി. ദേവനാരായണൻ (ചാത്തന്നൂർ). പ്രോത്സാഹന സമ്മാനങ്ങൾ: എസ്. ആര്യദേവ് (ചിതറ), ജെ. അശ്വിൻ (കരുനാഗപ്പള്ളി), എ. അവനീത് (വെള്ളിമൺ).

ഗ്രൂപ്പ് സി

1. അർണവ്. ടി വിനോദ്(ഉമയനല്ലൂർ), 2. ബി. സാവൻ സുഗുണൻ (പട്ടത്താനം), 3.എസ്. അശ്വന്ത്(പുത്തൂർ). പ്രോത്സാഹന സമ്മാനങ്ങൾ: കെ. ബി. നിരഞ്ജന (പട്ടത്താനം), എ.ആർ. അംബരീഷ് (പൂയപ്പള്ളി), എ. എസ്. ദൃശ്യ (നല്ലില).

ഗ്രൂപ്പ് ഡി

1. ശ്രേയാദത്ത് (ആശ്രാമം വെസ്റ്റ്), 2. ശ്രീതാദത്ത് (ആശ്രാമം വെസ്റ്റ്), 3. ഇ. അദിതി ദേവി (ആയൂർ). പ്രോത്സാഹന സമ്മാനങ്ങൾ: ഒ. ആർ. ഭാഗ്യലക്ഷ്മി (കിളികൊല്ലൂർ), എസ്. ആര്യൻ (പട്ടത്താനം), ഡി. എൽ. വൈഷ്ണവ് (കടയ്ക്കൽ) നാലു വിഭാഗത്തിലും 3000/, 2000, 1500 രൂപ എന്നീ ക്രമത്തിലാണ് ആദ്യ മൂന്നു സ്ഥാനക്കാർക്ക് സമ്മാനം. സമ്മാനച്ചടങ്ങിന്റെ വിശദാംശങ്ങൾ വിജയികളെ നേരിട്ടറിയിക്കും.

ഡ്രൈവർ ഒഴിവ്

മുഖത്തല ബ്ലോക്ക് പഞ്ചായത്തിലെ നെടുമ്പന സിഎച്ച്സി യിൽ പാലിയേറ്റീവ് വാഹനത്തിന് താൽക്കാലിക ഡ്രൈവറെ നിയമിക്കുന്നു. നെടുമ്പന പഞ്ചായത്ത് പരിധിയിലുള്ളവർക്ക് മുൻഗണന. അവസാന തീയതി: 01–06–2026 വൈകിട്ട് 3.00 മണി വരെ. കൂടുതൽ വിവരങ്ങൾക്ക് മുഖത്തല ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെടുക.

(ഒപ്പ്) സെക്രട്ടറി (I/C)

പരസ്യം

സകലമാനപേരെയും തെര്യപ്പെടുത്തുന്നത്

കരുനാഗപ്പള്ളി താലൂക്കിൽ, പാവുമ്പാ വില്ലേജിൽ, മണപ്പള്ളി തെക്കുംമുറിയിൽ റൂബി മൻസിലിൽ അബൂബേക്കർ കുഞ്ഞ് മകൾ റൂബിക്ക് അവകാശപ്പെട്ട പാവുമ്പാ വില്ലേജ്, ബ്ലോക്ക് നമ്പർ 12 ൽ റീസർവ്വേ നമ്പർ 59/11 ൽ പെട്ട 7 ആർ 43 സ്ക്വയമീറ്റർ വസ്തുവിനെ സംബന്ധിച്ച കരുനാഗപ്പള്ളി സബ്ബ് രജിസ്ട്രാർ ഓഫീസിലെ 2020 ലെ 1854–ാം നമ്പർ ധനനിശ്ചയാധാരത്തിന്റെ 2–ാമത്തെ പേജ് തിരിച്ച് കിട്ടാത്തവിധം നഷ്ടപ്പെട്ടു പോയിട്ടുള്ളതാണ്. ടി ആധാരം ജാമ്യമായി സ്വീകരിച്ച് ചിട്ടിതുക കൈപ്പറ്റുന്നതിന് ആർക്കെങ്കിലും ആക്ഷേപമുള്ള പക്ഷം ഈ പരസ്യ തീയതി മുതൽ 7 ദിവസത്തിനകം KSFE തഴവാ ബ്രാഞ്ച് മാനേജരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

തഴവാ **വിശ്വസ്തതയോടെ**
22.05.2026 **റൂബി**
D/o അബൂബേക്കർ കുഞ്ഞ്

DDFS/Admin/2097/2014-KSITM

Appointment of Statutory Auditors for KSITM

Kerala State IT Mission, autonomous nodal IT Implementation agency for Department of Electronics and Information Technology, Government of Kerala invites applications for the appointment of Statutory Auditors for Kerala State IT Mission. Applications may be sent to Director, KSITM on or before 05.06.2026, 04:00 pm.

For more details and application please visit;
www.itmission.kerala.gov.in

Kerala State IT Mission-Saankethika,
Vrindavan Gardens Pattom P.O.,
Thiruvananthapuram-695 004. Ph: 0471-2525444

Sd/-
Director

MALABAR CANCER CENTRE (POST GRADUATE INSTITUTE OF ONCOLOGY SCIENCES & RESEARCH)

NABH & NABL Accredited (an autonomous Institution under Government of Kerala
Thalassery, Kannur, Kerala - 670 103,Phone :+91 490 2399207, 2355881
Fax: 91 490 2355880,Email: mcctly@gmail.com, Web: www.mcc.kerala.gov.in

540/MCC/3107/2025/E3/GAD/221.05.2026

EXISTING AND ARISING VACANCIES(Permanent)
Assistant Professor-Scale of pay–101500-167400, Level 12of 7th CPC

1. Nuclear Medicine, 2. Clinical Haematology& 3. Radiodiagnosis/Radiology

Online Applications are invited for the aforementioned posts on permanent basis. The last date for submitting online applications are 27.06.2026 5PM.

No.E 347611 MCC/430/2024-E3-GAD/129/130 &E 7341 MCC/224/2022-GAD-E4/131 21/05/2026

EXISTING AND ARISING VACANCIES(Contract)

Online applications are invited for the post of Internal Audit Officer, Junior System Analyst, Staff Nurse, Occupational Therapist, Assistant Pharmacist, Physiotherapist Resident Staff Nurse, Resident Pharmacist in MCC(PGIOSR) on Contract Basis.

No.E 347611 MCC/430/2024-E3-GAD/130 21/05/2026

Online applications are invited for the post of Lecturer-INSeR, Assistant Professor-INSeR, Professor-INSeR in MCC(PGIOSR)on Contract Basis.

The last date for submitting online application is 03/06/2026 at 12.00 PM.

* MCC(PGIOSR) invites applications for Senior Resident(Medical) in Clinical Hematology& Medical Oncology, Imageology and Surgical oncology.

* MCC(PGIOSR) invites applications for Non-Stipendiary Training Programs in various disciplines.

Details are available in mcc.kerala.gov.in/www.mcconline.in Sd/- Director

കേരള സംസ്ഥാന സഹകരണ ബാങ്ക് ലിമിറ്റഡ്
റീജിയണൽ ഓഫീസ്, തിരുവനന്തപുരം.

KERALA BANK Kerala State Co-operative Bank

പി.ബി. നം. 5122, ഈസ്റ്റ്ഫോർട്ട്, ഫോർട്ട്.പി.ഒ., തിരുവനന്തപുരം-695023.
ഫോൺ: 0471-2451595, 2451596, 2451597. ഇ – മെയിൽ: tvmro@keralabank.co.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന പരസ്യം

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം റീജിയണൽ ആഫീസിലെ ബാങ്കിംഗ് ഇതര ആസ്തി വിറ്റഴിക്കൽ പോളിസി പ്രകാരം ബാങ്കിന്റെ കൈവശമുള്ള വസ്തുവിന്റെ വിൽപ്പന നോട്ടീസ് താഴെ പട്ടികയിൽ പറയുന്ന വസ്തുവകകൾ ബാങ്കിംഗ് ഇതര ആസ്തി വിറ്റഴിക്കൽ പോളിസി പ്രകാരം വിൽപ്പന നടത്തുന്നതിലേക്കായി **16-06-2026** -ാം തീയതിയിൽ രാവിലെ **11.00** മണിക്ക് നടത്തുന്ന വസ്തു ലേല വിൽപ്പനയിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവരിൽ നിന്നും ദർഘാസുകൾ (മുദ്രവച്ച ദർഘാസുകൾ) ക്ഷണിച്ചുകൊണ്ടുള്ള വിവരം പൊതുജനങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ലേല സ്ഥലം: കൊല്ലം ക്രെഡിറ്റ് പ്രോസ്സസിംഗ് സെന്റർ | തീയതി: 16-06-2026 സമയം: രാവിലെ 11.00 മണി

സ്ഥാവര വസ്തുവിന്റെ വിവരം: കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ, ബ്ലോക്ക് നം. 194, റീ സർവ്വേ നം. 8 – ൽ പ്പെട്ട 24.25 ആർ (59.92 സെന്റ്) വസ്തുവും അതിലുള്ള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ: കിഴക്ക്**: റസീല ബീവി ഹൂസൈബ ഫൈസൽ മുഹമ്മദ് വക വസ്തു; **തെക്ക്**: ഹലീമ ബീവി വക വസ്തു; **വടക്ക്**: വർസ്സീസ് വക വസ്തു; **പടിഞ്ഞാറ്**: പോർട്ട് ഗോഡൗൺ, വർസ്സീസ് വക വസ്തു.

കരുതൽ വില: രൂപ **5,45,49,000/-** | നിരതദ്രവ്യം : രൂപ **54,54,900/-** | ബാധ്യത: നിലവിൽ ബാങ്കിന്റെ അറിവിൽ ബാധ്യതകളില്ല.

തുക ഒടുക്കേണ്ട അക്കൗണ്ട് നമ്പർ- 11342200503601, IFS Code-KSBK0001134

ലേല വിൽപ്പനയുടെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ബാങ്കിന്റെ വെബ്സൈറ്റായ : https://www.keralabank.co.in സന്ദർശിക്കുക.

സ്ഥലം: തിരുവനന്തപുരം, തീയതി: 22-05-2026. ഒപ്പ്, ജനറൽ മാനേജർ, റീജിയണൽ ആഫീസ്, തിരുവനന്തപുരം.

എന്തിനും ഏതിനും SEARCH ചെയ്യൂ
www.quickerala.com
manorama QUICKERALA

കാൺമാനില്ല

ശേഖരൻ (56) S/o മാണിക്യം വടക്കമേലൂർ ഹൗസ് എരമംഗലം 02.07.2024ന് കാണാതായി. പെരുമ്പടപ്പ് പോലീസ് സ്റ്റേഷൻ ക്രൈം 563/24 ആയി കേസ് എടുത്തിട്ടുണ്ട്. കറുത്ത നിറം, അഞ്ചര അടി ഉയരം, നരച്ച തലമുടി, മലയാളവും തമിഴും അറിയാം. എന്തെങ്കിലും വിവരം കിട്ടുന്നവർ അറിയിക്കുക. ഫോൺ നമ്പർ: 04942670259, 94979 47227

196/F2/2026/I&PRD

അജ്ഞാത മൃതദേഹം

ഊരും പേരും തിരിച്ചറിയാൻ സാധിച്ചിട്ടില്ലാത്ത അതിഥി തൊഴിലാളി 09.05.2026ന് മരണപ്പെട്ട കാര്യത്തിന് എറണാകുളം റൂറൽ ജില്ലയിലെ പിറവം പോലീസ് സ്റ്റേഷനിൽ Cr.289/2026 U/s 194 BNSS പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. എന്തെങ്കിലും വിവരം ലഭിക്കുന്നവർ അറിയിക്കുക. പിറവം പോലീസ് സ്റ്റേഷൻ: 0485 2242158, 94979 87126

201/F2/2026/I&PRD

മലയാള മനോരമ

വിവാഹം, വിവാഹ വാർഷികം, ആനിവേഴ്സറികൾ, മാട്രിമോണിയൽ, റിയൽ എസ്റ്റേറ്റ്, തൊഴിൽ, ചരമം, ചരമ വാർഷികം, ആശംസകൾ, തുടങ്ങി പേഴ്സണൽ പരസ്യങ്ങൾ നൽകാം.

നിങ്ങളുടെ അംഗീകൃത മനോരമ ഏജൻറ് മുഖേന അനായാസം പരസ്യം നൽകാം.
- കൂടാതെ മനോരമ ക്ലാസിഫൈഡ്സ് അംഗീകൃത ഡിപ്പൊ / പരസ്യ ഏജൻസി വഴിയും നൽകാം
- വെബ്സൈറ്റ് / ആപ്പ് ഉപയോഗിച്ചും നൽകാം

www.manoramaclassifieds.com

വിളിക്കൂ / വാട്സപ്
9895006827

വിളിക്കേണ്ട സമയം 9 am മുതൽ 6 pm വരെ (പൊതു അവധി ദിവസങ്ങൾ ഒഴികെ)
Available on the App Store | GET IT ON Google Play

കേരള സംസ്ഥാന ഭാഗ്യക്കുറി SUVARNA KERALAM SK-53 DRAW RESULT 22/05/2026

ഒന്നാം സമ്മാനം ₹1കോടി RE 885786 (പട്ടാമ്പി)

സമാശ്വാസ സമ്മാനം ₹5000 RA 885786 RB 885786 RC 885786 RD 885786 RF 885786 RG 885786 RH 885786 RJ 885786 RK 885786 RL 885786 RM 885786

രണ്ടാം സമ്മാനം ₹30 ലക്ഷം RE 318008 (മൂവാറ്റുപുഴ)

മൂന്നാം സമ്മാനം ₹5 ലക്ഷം RH 864462 (അടൂർ)

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്

നാലാം സമ്മാനം ₹5000
0075 0710 1497 1605 5076 5635 6376 7240 7548 8089 8426 8611 9027 9132 9228 9601 9653 9793 9876

അഞ്ചാം സമ്മാനം ₹2000
1327 2702 3121 4575 7558 7909

ആറാം സമ്മാനം ₹1000
0115 0814 1159 2433 2541 2564 3101 3124 3559 3600 3646 4104 5087 5330 5547 6613 6708 7911 8915 9002 9009 9266 9319 9533 9685

ഏഴാം സമ്മാനം ₹500
0509 0559 0690 0709 0935 1304 1402 1478 1493 1713 2054 2066 2221 2438 2594 2719 2798 2844 2973 3134 3410 3635 3685 3985 4026 4420 4581 4603 4757 4760 4881 4930 4940 5037 5181 5360 5603 5765 5869 5994 5997 6075 6128 6170 6244 6257 6397 6452 6484 6507 6583 6718 6911 7004 7198 7206 7270 7385 7449 7454 7778 8045 8131 8151 8222 8324 8360 8371 8482 8585 8677 9041 9556 9585 9951 9968

എട്ടാം സമ്മാനം ₹200
0019 0099 0270 0289 0305 0375 0552 0591 0600 0614 0893 0961 1140 1147 1286 1562 1573 1690 1709 2099 2213 2217 2592 2668 2679 3123 3402 3570 3875 4040 4049 4078 4092 4273 4456 4540 4775 4793 5045 5067 5129 5261 5362 5398 5551 5606 5714 5761 5863 5865 5868 5915 5991 6057 6516 6527 6638 6828 6945 6987 7135 7159 7190 7267 7279 7295 7377 7654 7685 7819 7917 7931 8355 8481 8496 8499 8503 8600 8728 8823 8943 8956 8978 9108 9230 9394 9430 9488 9610 9895 9904 9959

ഒൻപതാം സമ്മാനം ₹100
0228 0386 0576 0823 0949 0996 1092 1246 1293 1388 1408 1421 1486 1600 1625 1643 1984 2134 2186 2191 2290 2363 2405 2489 2527 2723 2753 2761 2773 2821 2865 3009 3120 3130 3296 3303 3357 3371 3389 3532 3550 3747 3748 3796 3800 3849 3858 3940 4015 4023 4041 4117 4160 4191 4233 4234 4252 4373 4547 4631 4651 4782 4784 4913 4914 4953 5007 5121 5236 5421 5462 5579 5706 5740 5892 5911 5916 6045 6050 6131 6174 6307 6429 6497 6502 6532 6549 6551 6553 6774 6825 6846 6876 6895 6968 7049 7053 7104 7155 7210 7381 7635 7655 7666 7669 7756 7798 7854 7912 7915 7947 8102 8108 8227 8240 8290 8332 8402 8445 8535 8555 8681 8718 8843 8909 8959 9006 9007 9051 9109 9173 9312 9325 9412 9470 9502 9581 9657 9836 9846 9909 9937 9971 9980

നറുക്കെടുപ്പ് ഫലം വിശദമായറിയാൻ www.statelottery.kerala.gov.in

കേരളത്തിന് പുതിയ വിളയിനം കിലോ 3000 രൂപ വരെ വിലയുള്ള
മക്കഡേമിയ

മക്കഡേമിയ മുതൽ മാംഗോ ടൂറിസം വരെ

മേയ് ലക്കം പഴവർഗക്കൃഷി സ്പെഷൽ വിപണിയിൽ

മലയാള മനോരമ കർഷകശ്രീ
കോപ്പികൾക്ക് വിളിക്കൂ 0481 2587 396, 412 9288021091 (വാട്സാപ്)
പ്രവൃത്തിദിവസങ്ങളിൽ 9.30 am മുതൽ 5.00 pm വരെ